(ഡി) ഈ അധ്യയന വർഷം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത് പട്ടികജാതി വികസന വകുപ്പിന്റെ ബജറ്റ് സപ്പോർട്ടോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണോ എന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കുഴൽമന്ദം കൊട്ടവായൂർ റ്റൂട്ടിലെ പുല്ലുപാറ എന്ന സ്ഥലത്താണ് സ്ഥാപനം പ്രവർത്തിക്കുന്നത്.

(ബി) പോളിടെക്നിക് ആരംഭിച്ചത് 2010-11 അദ്ധ്യയന വർഷത്തിലാണ്. വാട്ടർ റിസോഴ്സ് ഡവലപ്മെന്റ്, എൻവയോൺമെന്റ് മാനേജ്മെന്റ് എന്നീ സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സുകളാണ് നിലവിലുള്ളത്. ടി കോഴ്സുകൾക്ക് എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) പോളിടെക്നിക്കിനുവേണ്ട കെട്ടിടംപണി പൂർത്തിയാക്കിയിട്ടുണ്ട്. ലാബ്, ലൈബ്രറി എന്നിവ സജ്ജീകരിച്ചുവരുന്നു. ഹോസ്റ്റൽ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) അതെ. പോളിടെക്നിക് ആരംഭിക്കുന്നതിന് വകുപ്പിന്റെ പൂൾഡ് ഫണ്ടിൽ നിന്നും 2010-11 സാമ്പത്തിക വർഷം 8 കോടി രൂപ അനെർട്ടിന് കൈമാറിയിട്ടുണ്ട്.

പ്രീമെട്രിക് ഹോസ്റ്റലുകളിലെ വൈദ്യുതി ബിൽ

193 (8254) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ വൈദ്യുതി ബിൽ കുടിശ്ശികയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ബിൽ കുടിശ്ശിക അടയ്ക്കാത്തതിന്റെ ഭാഗമായി പ്രീമെട്രിക് ഹോസ്റ്റലുകളിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടോ ;

(ബി) മാവേലിക്കര കരിമുളയ്ക്കൽ പ്രീമെട്രിക് ഹോസ്റ്റലിലെ വൈദ്യുതി കണക്ഷൻ 2014 ജൂൺ 2-ന് വിച്ഛേദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെ സംബന്ധിച്ച് അടിയന്തരമായി അന്വേഷിക്കുമോ ;

(സി) പ്രീമെട്രിക് ഹോസ്റ്റലുകളിലെ വൈദ്യുതിബിൽ കുടിശ്ശിക അടിയന്തരമായി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ആലപ്പുഴ ജില്ലയിൽ ഭരണിക്കാവ് കരിമുളയ്ക്കൽ പ്രീമെട്രിക് ഹോസ്റ്റലിൽ വൈദ്യുതി ചാർജ് അടയ്ക്കാതിരുന്നതിനാൽ കണക്ഷൻ വിച്ഛേദിച്ചത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2014 ജൂൺ 2-ാം തീയതി ഹോസ്റ്റൽ ഇറന്നപ്പോൾ കെ.എസ്.ഇ.ബി. അധികൃതരുമായി ബന്ധപ്പെട്ട് വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുകയും കുടിശ്ശിക അടയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

ഫയർ സേഫ്റ്റി എഞ്ചിനീയറിംഗ് കോഴ്സിലെ സംവരണം

194 (8255) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കെൽട്രോൺ ഈ വർഷം ആരംഭിച്ച ഫയർ & സേഫ്റ്റി എൻജിനീയറിംഗ് കോഴ്സിൽ പട്ടികജാതിക്കാർക്ക് സംവരണം ഏർപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കോഴ്സിൽ പട്ടികജാതിക്കാർക്ക് നിയമപരമായ സംവരണം ഏർപ്പെടുത്താൻ നിർദ്ദേശിക്കാമോ ;

(സി) പ്രസ്തുത കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസിനത്തിൽ ധനസഹായം അനുവദിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) പരിശോധിക്കുന്നതാണ്.

കേരളാധീശ്വരപുരം ഐ.ടി.സി.

195 (8256) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) താനൂർ നിയോജകമണ്ഡലത്തിലെ കേരളാധീശ്വരപുരം ഐ.ടി.സി.-യിൽ നിലവിലുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly